I ഇ.ബി. XV - കേരള നിയമസഭ/X-6

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ഫെബ്രുവരി 02, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ മകളും മകളുടെ കമ്പനിയും പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനിയിൽ നിന്നും, നൽകാത്ത സേവനങ്ങൾക്ക് പണം കൈപ്പറ്റിയതായി ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡും ആർ.ഒ.സി.യും കണ്ടെത്തിയതായും സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ അന്വേഷണം നടക്കുന്നതായും പറയപ്പെടുന്ന സാഹചര്യം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

അടിയന്തരപ്രമേയ നോട്ടീസുകൾക്ക് അനുമതി നൽകുന്ന ചട്ടങ്ങളിലെ 52(9), 53 ക്ലോസുകൾ പ്രകാരം നോട്ടീസിന് അനുമതി നൽകാനാകില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമായി സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുകയും ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമങ്ങളിലേയ്ക്ക് കടക്കുകയും ആദ്യത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയാവതരണത്തിനിടയിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയൽ

ശ്രീ. ഇ. ചന്ദ്രശേഖരൻ: ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ.) ആരോഗ്യമേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. വിവിധ വകുപ്പുകളെ

ഏകോപിപ്പിച്ചുകൊണ്ട് എ.എം.ആർ. തോത് കുറയ്ക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാണ്. ആന്റിബയോട്ടിക് രഹിത ഭക്ഷണവും വെള്ളവും ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് ജില്ലാ, ബ്ലോക്ക് തലത്തിലും കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മേൽനോട്ടത്തിലും ബോധവത്കരണം നൽകേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളും സമയബന്ധിതമായി സ്മാർട്ട് ആശുപത്രികളാക്കാനും കേരള എ.എം.ആർ. സർവയലൻസ് നെറ്റ്‌വർക്കിൽ എല്ലാ ആശുപത്രികളെയും ഉൾപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗംമൂലം രോഗാണുക്കൾ പ്രതിരോധശേഷിയാർജ്ജിക്കുന്ന ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് നിമിത്തം 2050 ആകുമ്പോഴേയ്ക്കും ലോകത്ത് ഒരു കോടി ആളുകൾ മരണപ്പെടുമെന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കിയിട്ടുള്ളത്. രാജ്യത്തുതന്നെ ആദ്യമായി രണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളെ സ്മാർട്ട് ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലുകളാക്കുകയും ഇതുമായി ബന്ധപ്പെട്ട് ഒരു നെറ്റ്‌വർക്ക് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന മെഡിക്കൽഷോപ്പുകളുടെ ലൈസൻസുകൾ റദ്ദാക്കാൻ നിർദ്ദേശിക്കുകയും

'ഓപ്പറേഷൻ അമൃത്' പദ്ധതി പ്രകാരം പരിശോധനകൾ നടത്തി നിയമലംഘനം കണ്ടെത്തിയ 91 സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അഞ്ച് ഔഷധവില്പന ശാലകളുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്യുകയും പരാതികൾ സ്വീകരിക്കാൻ ടോൾഫ്രീ നമ്പർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 11 ജില്ലകളിൽ എ.എം.ആർ. ലാബുകൾ ആരംഭിക്കുകയും അണുബാധ നിയന്ത്രണം മുൻനിർത്തി വിവിധ തലങ്ങളിലെ സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ രൂപീകരിക്കുകയും മുഴുവൻ ജീവനക്കാർക്കും പരിശീലനം നൽകി അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ആശുപത്രികളിലെ ശരിയായ ആന്റിബയോട്ടിക് ഉപയോഗം ഉറപ്പുവരുത്താൻ ആന്റിബയോട്ടിക് സ്റ്റ്യുവേർഡ്ഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുകയും എ.എം.ആർ. സംബന്ധിച്ച ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. 'ഏകാരോഗ്യം' പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളും ഐ.എം.എ. ഉൾപ്പെടെയുള്ള വിവിധ സംഘടനകളും ഡ്രഗ്സ് കൺട്രോൾ ബോർഡും ചേർന്നാണ് എ.എം.ആർ. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. ഉപയോഗശൂന്യമായ മരുന്നുകൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി PROUD (Programme

for Removal of Unused Drugs) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആരംഭിക്കുകയും പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ ശ്രമിച്ചുവരികയുമാണ്. 2024-ഓടുകൂടി വിവിധ തലങ്ങളിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളെ സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. മാസത്തിലൊരിക്കലെങ്കിലും എല്ലാ ആശുപത്രികളിലും സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് നടത്തുന്നുണ്ട്. KARSAP നെറ്റ്‌വർക്കിൽ ഉൾപ്പെടാത്ത ആശുപത്രികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

(ശ്രീ. ചാണ്ടി ഉമ്മൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**III സബ്മിഷൻ**

ശ്രീ. സനീഷ് കുമാർ ജോസഫ്, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവരുടെ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. കെ. എം. സച്ചിൻദേവിന്റെ സബ്മിഷനും അതിനുള്ള മറുപടിയും മേശപ്പുറത്ത് വച്ചു.)

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം</u>

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: തിരുവനന്തപുരം മെഡിക്കൽ

കോളേജിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് എല്ലാ മാസവും അവലോകനം നടത്തി ശക്തമായ ഇടപെടൽ നടത്തണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 717 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. ടി പ്രവൃത്തിയുടെ ആദ്യപ്രോജക്ടായി ഫ്ലൈ ഓവറും റോഡും നിർമ്മിച്ചിട്ടുണ്ട്. എം.എൽ.റ്റി ബ്ലോക്കിന്റെ നിർമ്മാണം പത്ത് ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. സർജിക്കൽ ബ്ലോക്ക് നിർമ്മാണത്തിനുള്ള ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഓരോ മാസവും മോണിട്ടറിംഗ് നടത്തിവരികയാണ്.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു.)

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ്

(ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടുകൾ, സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ സ്പെഷ്യൽ റിപ്പോർട്ട് എന്നിവ സമർപ്പിച്ചു.

## VI ഗവൺമെന്റ് പ്രമേയം

### വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്ത കേന്ദ്ര സമീപനം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾക്കും നിയമനിർമ്മാണ അധികാരങ്ങൾക്കും മേൽ വലിയ രീതിയിലുള്ള കടന്നുകയറ്റമാണ് അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് നടന്നുവരുന്നത്. ഭരണഘടനാദത്തമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളെല്ലാംതന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേയ്ക്കാണ് കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ എത്തിച്ചിരിക്കുന്നത്. സാമൂഹ്യക്ഷേമം ഉൾപ്പെടെ ആകെ ചെലവുകളുടെ സിംഹഭാഗവും ഇന്ത്യയിൽ സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. എന്നാൽ റവന്യൂ വരുമാനത്തിന്റെ ഗണ്യമായ പങ്ക് യൂണിയൻ ഗവൺമെന്റിനാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഭരണഘടനാദത്തമായ മാർഗ്ഗമാണ് ധനകാര്യ കമ്മീഷനുകൾ.

15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾത്തന്നെ വലിയ നഷ്ടമാണ് കേരളത്തിനുണ്ടായത്. അതിനുപുറമേയാണ് 15-ാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിന്റെ വായ്പാപരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചത്. കേന്ദ്ര സർക്കാർ അംഗീകരിച്ച് ബഹു. രാഷ്ട്രപതിയുടെ അനുമതിയോടെ പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച ശിപാർശകളെ കാറ്റിൽപ്പറത്തുന്ന സമീപനമാണ് കേന്ദ്ര ധനമന്ത്രാലയം വായ്പാ കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പംതന്നെ ലഭിക്കേണ്ട ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുന്ന അവസ്ഥയുമുണ്ടാകുന്നു. ഇതെല്ലാംതന്നെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളാണെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരു സംശയവുമില്ല. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് പരമാധികാരം ഉള്ളതുപോലെ സംസ്ഥാന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനും പരമാധികാരമുണ്ട്. ഭരണഘടന ഇക്കാര്യങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അതിനാൽ സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ കീഴ്ഘടകങ്ങളായി കാണുന്ന ജനാധിപത്യവിരുദ്ധ സമീപനം ഉപേക്ഷിക്കണമെന്നും കേരളത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്ത സമീപനത്തിൽനിന്നും കേന്ദ്രസർക്കാർ

പിന്തിരിയണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാത്ത ബഡ്ജറ്റാണ് കേന്ദ്ര സർക്കാർ ഇന്നലെ അവതരിപ്പിച്ചത്. സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകാനുള്ള പദ്ധതികളോ സാമ്പത്തികമാന്ദ്യം മറികടക്കാനുള്ള മാന്ദ്യവിരുദ്ധ പാക്കേജോ റെയിൽവേ രംഗത്ത് പുതിയ പദ്ധതികളോ പ്രഖ്യാപിച്ചിട്ടില്ലെന്ന് മാത്രമല്ല, വിഴിഞ്ഞം പോലുള്ള പദ്ധതിക്ക് പ്രതീക്ഷിച്ച സഹായം നൽകുകയോ തൊഴിലവസരം, വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകിയതുപോലുള്ള പദ്ധതികൾ കേരളത്തിന് നൽകുകയോ ചെയ്തിട്ടില്ല. സംസ്ഥാനത്തിന് അർഹമായ വിഹിതവും വെട്ടിക്കുറച്ചിരിക്കുകയാണ്. എഫ്.ആർ.ബി.എം. ആക്ടനുസരിച്ച് സംസ്ഥാനത്തിനും കേന്ദ്രത്തിനും ആകെ ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനം കടമെടുക്കാമെന്നിരിക്കെ 2.44 ശതമാനമാണ് കേരളത്തിന് അനുവദിച്ചത്. എന്നാൽ കേന്ദ്രസർക്കാർ നടപ്പുവർഷം കടമെടുത്തിട്ടുള്ളത് ഏകദേശം 5.9 ശതമാനമാണ്. കേരളത്തിന്റെ റവന്യൂ കമ്മിയിലും ഫിസ്കൽ

ഡെഫിസിറ്റിലും കുറവുവന്നിട്ടുണ്ടെന്നും ആകെ ബാധ്യതകൾ കുറഞ്ഞുവരുന്നുവെന്നും സാമ്പത്തിക സർവ്വേ റിപ്പോർട്ടിലുണ്ട്. ഒരു മേഖലയ്ക്കും കാര്യമായ സഹായം നൽകാതെ ഏകപക്ഷീയമായി കാര്യങ്ങൾ നടപ്പാക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. കേരളത്തിന് അർഹമായ വിഹിതം നൽകാത്ത കേന്ദ്ര സർക്കാർ നിലപാടിനെതിരെയുള്ള പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കേണ്ടിവരുമെന്ന് കരുതിയാണ് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചത്.

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടേയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: 2021-ലെ കേരള ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടേയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം

അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രമേയത്തെ പിന്താങ്ങുന്നു.

(ചർച്ച തുടരും)

(ii) 2021-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(iii) 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ

ശ്രീ. ഇ. കെ. വിജയൻ: 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രമേയത്തെ പിന്താങ്ങുന്നു.

(ചർച്ച തുടരും)

(iv) 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(v) 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രമേയത്തെ പിന്താങ്ങുന്നു.

(ചർച്ച തുടരും)

(3) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

(i) 2021-ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ

ശ്രീ. എം. രാജഗോപാലൻ: സംസ്ഥാനത്ത് ജാതി-മത-സാമുദായിക പരിഗണന കൂടാതെ മാനവികതയിൽ ഉറച്ചുനിന്നുകൊണ്ട് വ്യത്യസ്ത വിഭാഗങ്ങളിൽനിന്നുള്ളവർ മിശ്രവിവാഹത്തിലൂടെ ഒത്തുചേർന്ന് ജീവിക്കുന്നുണ്ടെങ്കിലും അവർക്ക് നിയമത്തിന്റെ പ്രത്യേക പരിരക്ഷ ലഭിക്കുന്നതിനായി ഒരു മിശ്രവിവാഹിത കുടുംബ സംരക്ഷണ ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ബില്ലാണിത്.

(ചർച്ച തുടരും)

(ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(iii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ചർച്ച നടന്നില്ല.)

സഭ രാവിലെ 10.35-ന് പിരിഞ്ഞു.

******